## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 14

10.12.2012-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം<br>**ശ്രീ. എം.എ. ബേബി** | മറുപടി<br>**ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
|---|---|
| (എ) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഇതിനകം എന്തെല്ലാം സേവനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (എ) പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം, ഈ നിയമത്തിന്റെ പ്രാരംഭം മുതൽ ആറുമാസത്തിനകം, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്ന സേവനങ്ങൾ (നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ) ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. |
| (ബി) നിയമം കൂടുതൽ വിപുലമാക്കുന്നതിന് നിയമം നിലവിൽ വന്നതിനുശേഷം ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;<br><br>(സി) നിയമം പാസ്സാക്കിയതിനു ശേഷം സേവനങ്ങൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഇതിനകം ലഭിച്ച അപ്പീലുകൾ എത്ര ;<br><br>(ഡി) നിയമം നടപ്പിലാക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട സർക്കാർ ഓഫീസുകളിൽ ലഭ്യമാക്കിയിട്ടുണ്ടോ ? | (ബി), (സി) & (ഡി) പ്രസ്തുത നിയമവും ചട്ടങ്ങളും 2012 നവംബർ 1 മുതൽ നിലവിൽ വന്നിട്ടുണ്ട്. 21.11.2012-ലെ 21145/എ.ആർ.12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം എല്ലാ വകുപ്പുകളോടും / സ്ഥാപനങ്ങളോടും അടിയന്തരമായി ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വകുപ്പുകളും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ